കാർ വാങ്ങുന്നതിന് വായ്പ

* 72 (290) ശ്രീ. എം. കെ. ദിവാകരൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് കാർ വാങ്ങുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതി ആരംഭിച്ചത് എന്നുമുതൽക്കാണ്;

(ബി) 1967–68, 68–69 എന്നീ വർഷങ്ങളിൽ എത്ര തുക അനുവദിച്ചു;

(സി) ഈ പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ) :

(എ) എന്നു മുതൽ ആരംഭിച്ചു എന്ന വിവരം കൃത്യമായി പറയുവാൻ വിഷമമാണ്. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതിനു മുൻപ് തന്നെ തിരുവിതാംകൂറിലും, കൊച്ചിയിലും തിരു–കൊച്ചിയിലും ഈ പദ്ധതി നിലവിൽ ഉണ്ടായിരിന്നു.

(ബി) 1967–68 –11,76,596 രൂപ.
1968–69 – 24,62,235 രൂപ.

(സി) ഉണ്ട്.

UNSTARRED QUESTIONS AND ANSWERS

അഡീഷണൽ ഡയറക്ടർ പദവി

35 (281) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള:

താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിലെ അഡീഷണൽ ഡയറക്ടർ പദവി വഹിച്ചിരുന്ന ആൾ സർവ്വീസിൽ നിന്നും അവധി എടുത്തു പോകുവാൻ കാരണമെന്താണ്?

ഉത്തരം

പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിലെ അഡീഷണൽ ഡയറക്ടർ 25–10–1969 മുതൽ പത്തൊൻപതു ദിവസത്തേയ്ക്ക് വ്യക്തിപരമായ കാരണങ്ങളാലും തുടർന്ന് 35 ദിവസത്തേയ്ക്ക് ആരോഗ്യപരമായ കാരണങ്ങളാലും അവധിയിൽ പ്രവേശിച്ചിരുന്നു. 18–12–1969–ൽ അദ്ദേഹം ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

ഹയർ പർച്ചേസ്

36 (284) ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറിൽ നിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിൽ സാധനസാമഗ്രികൾ വിതരണം ചെയ്യുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly